LIBRARY ARCHIVES Kerala Legislative Assembly

പരവൂർ ലേബർ ഓഫീസിന്റെ നിർമ്മാണം

134 [2205] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പരവൂർ ലേബർ ഓഫീസിന്റെ നിർമ്മാണത്തിന് എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

ടെണ്ടർ നടപടികൾ പൂർത്തിയാക്കി എഗ്രിമെന്റ് വച്ചിട്ടുണ്ട്.

നബാർഡ് പദ്ധതിയിൽപ്പെടുത്തിയ ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പ്രവർത്തികൾ

135 [2206] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നബാർഡ് പദ്ധതിയിൽപ്പെടുത്തി ചാത്തന്നൂർ നിയോജകണ്ഡലത്തിൽ എന്തൊക്കെ പ്രവർത്തികളാണ് നടപ്പാക്കുന്നത് എന്ന് വിശദമാക്കാമോ?

ഉത്തരം

കുണ്ടമൺ പാലം നബാർഡ് പദ്ധതിയിൽപ്പെടുത്തി പണി നടത്തിവരുന്നു. പരവൂർ-മയ്യനാട് പാലം-നബാർഡിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി 908 ലക്ഷം രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

പാളയം അടിപ്പാതയുടെ പണി

136 [2207] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം നഗരത്തിൽ ഇപ്പോൾ നിർമ്മിച്ചുവരുന്ന പാളയം അടിപ്പാതയുടെ പണി പൂർത്തീകരിക്കുന്നതിന് എന്തു തുക ചെലവ് വരുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

പാളയം അടിപ്പാതയുടെ പണിയുടെ അടങ്കൽ തുക 834 ലക്ഷം രൂപയാണ്.